സജിന.ടി.
ഷീന നിവാസ്,
കട്ടച്ചേരി, കരിവെള്ളൂർ.പി.ഒ
കണ്ണൂർ - 670521.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.

2005 ലെ വിവരാവകാശ നിയമ പ്രകാരം താഴെപ്പറയുന്ന വിവരങ്ങൾ അറിയിക്കുവാൻ അപേക്ഷിക്കുന്നു.

03 APR 2018

1) സാമൂഹ്യ നീതി വകുപ്പിനുകീഴിൽ കണ്ണൂർ ജില്ലയിലുള്ള വിവിധ ഓഫീസുകളിലായി മൂന്നോ അതിൽ കൂടുതലോ വർഷങ്ങളായി തുടർച്ചയായി ഒരേ ഓഫീസിൽ ജോലി ചെയ്യുന്ന ക്ലാർക്ക്/സീനിയർ ക്ലാർക്കുമാരുടെ പേരും, ടിയാൾ പ്രസ്തുത ഓഫീസിൽ ജോലിയിൽ പ്രവേശിച്ച തീയ്യതിയും (31/03/2018 തീയ്യതിവരെയുള്ള കണക്കുകൾ).

2) 2016-17 വർഷത്തെ പൊതുസ്ഥലം മാറ്റ ഉത്തരവിന് ശേഷം കണ്ണൂർ ജില്ലയിലുണ്ടായ ക്ലാർക്ക്/സീനിയർ ക്ലാർക്ക് ഒഴിവുകളിലേക്ക് ഇതര ജില്ലകളിൽ നിന്നും ഏതെങ്കിലും ക്ലാർക്ക്/സീനിയർ ക്ലാർക്കിന് സ്ഥലംമാറ്റം നൽകി നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ ക്ലാർക്ക്/സീനിയർ ക്ലാർക്കുമാരുടെ പേരും നിയമിച്ച ഓഫീസിന്റെ പേരും കണ്ണൂർ ജില്ലയ്ക്ക് പുറത്തുള്ള ജില്ലയിലെ ടിയാളുടെ സേവന കാലദൈർഘ്യവും.

3) ചോദ്യം നമ്പർ രണ്ടിൽ പറഞ്ഞ പ്രകാരം പൊതുസ്ഥലംമാറ്റ ഉത്തരവിനുശേഷം കണ്ണൂർ ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകിയവരിൽ, 2016-17 ലെ പൊതുസ്ഥലമാറ്റത്തിനായി അപേക്ഷിച്ച ഇതര ജില്ലക്കാരായ മറ്റ് ക്ലാർക്ക്/സീനിയർ ക്ലാർക്കുമാരുടെ ഇതര ജില്ലാ സേവന കാലദൈർഘ്യത്തേക്കാൾ കുറവുള്ളവരുണ്ടെങ്കിൽ ആയതിനുള്ള പ്രത്യേക പരിഗണന/മുൻഗണന വിവരങ്ങൾ വ്യക്തമാക്കുന്ന വിവരങ്ങൾ.

കരിവെള്ളൂർ
01/04/2018

സജിന.ടി.